3 (399) ട്രോളിംഗ് നിരോധന ഉത്തരവ്

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സമുദ്രോല്പന്ന കയറ്റുമതി മുഖേന ലഭിക്കുന്ന വിദേശ നാണയം കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത്;

(ബി) കുറയുകയാണെങ്കിൽ ഇതിനുള്ള പരിഹാരമാർഗ്ഗം ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ സമുദ്രോൽപ്പന്ന കയറ്റുമതികൾ ഗുണനിലവാരം ഉറപ്പാക്കുന്നില്ല എന്ന് ഏതെങ്കിലും രാജ്യങ്ങളിൽനിന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതി മുഖേന ലഭിച്ചിരിക്കുന്ന വിദേശനാണ്യത്തിന്റെ അളവ് 1994-95 മുതൽ 1997-98 വരെയുള്ള കാലയളവിൽ വർഷംതോറും കൂടുകയാണ് ചെയ്തിരുന്നത്. എന്നാൽ 1998-99 സാമ്പത്തികവർഷം ഇത് കുറയുകയാണുണ്ടായത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വ്യക്തമാക്കാം.

കയറ്റുമതിക്കായി തയ്യാറാക്കുന്ന മത്സ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണമേൻമ പുലർത്തുന്ന ഉൽപ്പന്നങ്ങൾമാത്രമേ കയറ്റിഅയയ്ക്കുവാൻ അനുവദിക്കാറുള്ളൂ. ഇത്തരം ഗുണമേൻമ ഉറപ്പാക്കുന്നതിലേക്കായി മത്സ്യസംസ്കരണ രംഗത്തുള്ളവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും നൽകി വരുന്നുണ്ട്.

4 (400) മത്സ്യ ഭവനുകൾ ആരംഭിക്കാൻ നടപടി

പ്രൊ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ക്ഷേമനിധിക്കായി മത്സ്യഭവനുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ എണ്ണം തിരിച്ച് വ്യക്തമാക്കുമോ;

(സി) മത്സ്യഭവനുകൾ ആരംഭിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യഭവനുകളുടെ ഭരണപരമായ ചുമതലകൾ നിക്ഷിപ്തമായിരിക്കുന്നത് എത് ഏജൻസിയിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മത്സ്യഭവനുകൾവഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കാം. വിവരം അനുബന്ധം[†] ആയി കൊടുത്തിരിക്കുന്നു.

(സി) മത്സ്യത്തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി തീരദേശ/ഉൾനാടൻ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് മത്സ്യഭവനുകൾ ആരംഭിക്കുന്നത്.

(ഡി) മത്സ്യഭവനുകളുടെ ഭരണപരമായ ചുമതലകൾ നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാന മത്സ്യവകുപ്പിലാണ്. എന്നാൽ മത്സ്യഭവനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്.

(ഇ) സംസ്ഥാന മത്സ്യവകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ മത്സ്യഭവനുകൾ വഴിയാണ് വിതരണം ചെയ്യുന്നത്.

5 (401) ആഴക്കടൽ മത്സ്യബന്ധനം

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അതിർത്തിക്കുള്ളിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശകപ്പലുകൾക്ക് പുതിയ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ലൈസൻസുകൾ റദ്ദാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്താണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) 9 വിദേശക്കപ്പലുകൾക്ക്.

(ബി) ഉണ്ട്.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശകപ്പലുകൾക്ക് പുതിയ ലൈസൻസ് നൽകുന്നതല്ലെന്നും, നിലവിലുള്ളവയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി നൽകുന്നതല്ലെന്നും കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

[†] അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

	rejuvenation of community wells, development of ponds and protection of spot sources				
	b. Coverage of census towns and other urban areas	10.50	30.00	30.00	70.50
	Total	496.47	468.69	458.24	1423.40

അനുബന്ധം - II

ചോദ്യം 28(* 118)(ബി) ഉത്തരം കാണുക

തൊഴിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധികളും അംഗങ്ങളും

ക്ഷേമനിധി		അംഗങ്ങൾ
1. കൈത്തറിത്തൊഴിലാളി ക്ഷേമനിധി	-	41,900
2. കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി	-	1,60,410
3. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്	-	6,30,311
4. കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി	-	37,384
5. മോട്ടോർ തൊഴിലാളി ക്ഷേമനിധി	-	41,532
6. അബ്കാരി തൊഴിലാളി ക്ഷേമനിധി	-	1,900
7. ചുമട്ടുതൊഴിലാളി ക്ഷേമനിധി	-	23,337
8. കർഷകത്തൊഴിലാളി ക്ഷേമനിധി	-	14,29,815
9. തയ്യൽത്തൊഴിലാളി ക്ഷേമനിധി	-	1,80,932
10. ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി	-	.....
11. തൊഴിലാളി ക്ഷേമനിധി	-	4,70,000
12. ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി	-	7,147
13. കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമനിധി	-	1,35,929

അനുബന്ധം - III

നക്ഷത്രചിഹ്നമിടാത്ത 4 (400)-ാം നമ്പർ ചോദ്യം കാണുക

മത്സ്യഭവനുകളുടെ ജില്ലതിരിച്ചുള്ള കണക്ക്

1.	തിരുവനന്തപുരം	15
2.	കൊല്ലം	10
3.	ആലപ്പുഴ	13
4.	കോട്ടയം	2
5.	എറണാകുളം	14
6.	തൃശ്ശൂർ	9
7.	മലപ്പുറം	9
8.	കോഴിക്കോട്	11
9.	കണ്ണൂർ	7
10.	കാസർഗോഡ്	4
	ആകെ	**94**

LIBRARY ARCHIVES Kerala Legislative Assembly